**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3561** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ മെമ്പർ സെക്രട്ടറി, വൈസ് ചെയർമാൻ എന്നിവരുടെ നിയമന കാലാവധി എത്ര വർഷമാണെന്ന് അറിയിക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ കൗൺസിൽ Act 2007 ഭേദഗതി 2018 Section 20 Clause (1) പ്രകാരം, വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി, മറ്റ് അംഗങ്ങൾ എന്നിവർ കൗൺസിലിന്റെ കാലാവധിവരെ തുടരുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ പ്രസ്തുത സ്ഥാനം വഹിക്കുന്നവരുടെ കാലാവധി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സ്ഥാനം വഹിയ്ക്കുന്നവരുടെ കാലാവധി, ഈ സ്ഥാനങ്ങളിൽ നിയമനമോ നോമിനേഷനോ നടത്തുന്നതുവരെ തുടരും. |
| (സി) | കാലാവധി പൂർത്തിയാക്കിയതിന് ശേഷവും തൽസ്ഥാനത്ത് തുടരുന്ന പക്ഷം പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് നിയമപരമായിട്ടാണ്. |
| (ഡി) | സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ എത്ര റിസർച്ച് ഓഫീസർമാരുടെ തസ്തികയാണുള്ളതെന്ന് അറിയിക്കാമോ; | (ഡി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ റിസർച്ച് ഓഫീസർമാരുടെ 3 ഡെപ്യൂട്ടേഷൻ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എന്ന പേരിൽ രണ്ട് ജീവനക്കാരെ നിയമിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത നിയമനം എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (ഇ) | ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എന്ന പേരിൽ ആരെയും നിയമിച്ചിട്ടില്ല.<br><br>ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച കമ്മീഷനുകൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിനായി ഒരു സെൽ രൂപീകരിക്കുകയും ആയതിലേക്ക് റിസർച്ച് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി രണ്ട് ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | സർക്കാർ ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തസ്തികകളിൽ തുടർച്ചയായി എത്ര കാലം ജോലി എടുക്കാൻ | (എഫ്) | കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 140 (സി) പ്രകാരം ഡെപ്യൂട്ടേഷൻ കാലാവധി പ്രാഥമികമായി ഒരു വർഷവും ഇത് ഒരു വർഷം വീതം നീട്ടി |

| | | | |
|---|---|---|---|
| | കഴിയും എന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | | തുടർച്ചയായി പരമാവധി 5 വർഷം വരെ ആകാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ജി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ നിലവിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; അപ്രകാരം നിയമിച്ചവരുടെ കരാർ പുതുക്കിയത് ഏത് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആണെന്ന് അറിയിക്കാമോ? | (ജി) | 15 പേർ കരാർ വ്യവസ്ഥയിൽ താഴെപറയുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.<br>GO(P) No. 76/2019/Fin dtd, 02/07/2019,<br>GO(P) No. 81/2019/Fin dtd. 09/07/2019. |

സെക്ഷൻ ഓഫീസർ